പതിമൂന്നാം കേരള നിയമസഭ
പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ - **1497** **16.03. 2015-** ലെ മറുപടി

# നിതാഖാത്ത് നിയമം മൂലം നാട്ടിലേക്ക് മടങ്ങിവന്നവരുടെ പുനരധിവാസം

ചോദ്യം

ശ്രീ. ഇ. ചന്ദ്രശേഖരൻ

ഉത്തരം

ശ്രീ. കെ. സി. ജോസഫ്
*(ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരികകാര്യവും നോർക്കയും വകുപ്പ് മന്ത്രി)*

(എ) നിതാഖാത്ത് നിയമം മൂലം നാട്ടിലേക്ക് മടങ്ങിവന്ന എത്ര പേരാണ് സംസ്ഥാനത്ത് ആകെയുള്ളതെന്ന് ജില്ല തിരിച്ച കണക്കുകൾ ലഭ്യമാക്കാമോ;

(എ) സൗദി അറേബ്യയിലെ നിതാഖത്ത് നിയമം മൂലം തിരികെയെത്തിയവരുടെ കൃത്യമായ കണക്ക് ലഭ്യമല്ല. എന്നാൽ നിതാഖത്ത് നിയമം കർശനമായി നടപ്പിലാക്കിയ 01/04/2013 മുതൽ ഇളവ് കാലയളവ് അവസാനിച്ച 03/11/2013 വരെയും തുടർന്ന് 31/12/2013 വരെയും കേരളത്തിൽ തിരികെയെത്തിയവർക്കായി നോർക്ക - റൂട്ട്സ് ഏർപ്പെടുത്തിയ രജിസ്ട്രേഷൻ സംവിധാനത്തിലൂടെ രജിസ്റ്റർ ചെയ്തവരുടെ ജില്ല തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു.

| **ജില്ല** | എണ്ണം |
|---|---|
| തിരുവനന്തപുരം | 2330 |
| കൊല്ലം | 2182 |
| പത്തനംതിട്ട | 351 |
| ആലപ്പുഴ | 685 |
| ഇടുക്കി | 77 |
| കോട്ടയം | 219 |
| എറണാകുളം | 422 |
| തൃശൂർ | 620 |
| പാലക്കാട് | 1532 |
| കോഴിക്കോട് | 2719 |
| മലപ്പുറം | 9274 |
| കണ്ണൂർ | 1423 |
| വയനാട് | 554 |
| കാസർഗോഡ് | 246 |
| ആകെ | **22634** |

| | |
|---|---|
| (ബി)ഇവരെ പുനരധിവസിപ്പിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വിശദമാക്കാമോ; | ബി) നിതാഖത്ത് മൂലം തിരികെ വന്ന വിവിധ എയർപ്പോർട്ടുകളിലെ ഹെൽപ് ഡെസ്കിലും ഓൺലൈനായും രജിസ്റ്റർ ചെയ്തിരുന്ന 22634 പേരോട് അവരുടെ വിശദ വിവരങ്ങൾ അപ്ഡേറ്റ് ചെയ്യാൻ നിർദ്ദേശം നൽകിയിരുന്നു. ഇങ്ങനെ അപ്ഡേറ്റ് ചെയ്ത 5783 പേരെ കൂടികാഴ്ചയ്ക്ക് ക്ഷണിക്കുകയും അതിൽ നിന്ന് 2049 പേരെ നോർക്ക ഡിപ്പാർട്ട്മെന്റ് പ്രോജക്ട് ഫോർ റിട്ടേൺ എമിഗ്രന്റ്സ്(NDPREM) പദ്ധതി പ്രകാരം സ്വയംതൊഴിൽ സംരംഭങ്ങൾക്ക് വായ്പ അനുവദിക്കുന്നതിനായി തെരഞ്ഞെടുത്ത് വിവിധ ബാങ്കുകൾക്ക് ശുപാർശക്കത്ത് അയയ്ക്കുകയും ചെയ്തിട്ടുണ്ട്. കൂടുതൽ പേർക്ക് വായ്പ ലഭ്യമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. |

സെക്ഷൻ ഓഫീസർ

14